HLM-0109

The Heavenly Light Ministry

എന്തതിശയമേ! ദൈവത്തിൻ സ്നേഹം
എത്ര മനോഹരമേ! അതു
ചിന്തയിലടങ്ങാ-സിന്ധു സമാനമായ്
സന്തതം കാണുന്നു ഞാൻ

1. ദൈവമേ! നിൻ മഹാസ്നേഹമതിൻ വിധം
ആർക്കു ചിന്തിച്ചറിയാം? എനി
ക്കാവതില്ലേ അതിൻ ആഴമളന്നീടാൻ
എത്ര ബഹുലമതു! എന്ത....

2. ആയിരമായിരം നാവുകളാലതു
വർണ്ണിപ്പതിന്നെളുതോ! പതി
നായിരത്തിങ്കലൊ-രംശം ചൊല്ലീടുവാൻ
പാരിലസാദ്ധ്യമഹോ- എന്ത....

3. മോദമെഴും തിരുമാർവ്വിലുല്ലാസമായ്
സന്തതം ചേർന്നിരുന്ന-ഏക
ജാതനാമേശുവേ, പാതകർക്കായ് തന്ന
സ്നേഹമതിശയമെ! എന്ത....

4. പാപത്താൽ നിന്നെ ഞാൻ കോപിപ്പിച്ചുള്ളൊരു
കാലത്തിലും ദയവായ്-സ്നേഹ
വാപിയേ നീയെന്നെ സ്നേഹിച്ചതോർത്തെന്നിൽ
ആശ്ചര്യമേറിടുന്നു എന്ത....

5. ജീവിതത്തിൽ പല വീഴ്ചകൾ വന്നിട്ടും
ഒട്ടും നിഷേധിക്കാതെ-എന്നെ
കേവലം സ്നേഹിച്ചു പാലിച്ചിടും തവ-
സ്നേഹമതുല്യമഹോ എന്ത....